**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2918** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഡീ-അഡിക്ഷന്‍ സെന്ററുകള്‍ ആരംഭിച്ചിട്ടുണ്ടോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ . വി. ടി. ബൽറാം , ശ്രീ . സണ്ണി ജോസഫ് , ശ്രീ. പി. ടി. തോമസ്** | | **Shri. T. P . Ramakrishnan (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യവര്‍ജ്ജന പ്രവര്‍ത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പ്രാവര്‍ത്തികമാക്കുവാന്‍ സാധിച്ചിട്ടുണ്ടോ; ഇക്കാര്യത്തില്‍ നിലവിലുള്ള പ്രതിബന്ധങ്ങള്‍ എന്തൊക്കെയാണ്; | (എ) | മദ്യവര്‍ജ്ജന മയക്ക്മരുന്ന് വിരുദ്ധ പ്രവര്‍ത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പ്രാവര്‍ത്തികമാക്കുന്നതിനുള്ള പ്രവര്‍ത്തനങ്ങള്‍ സജീവമായി നടന്നുവരുന്നു. വിമുക്തി മിഷന്റെ നേതൃത്വത്തില്‍ തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, വനിതാ-ശിശുവികസന വകുപ്പുകളുടെ സഹകരണത്തോടെ ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പിക്കുന്നുണ്ട്. ലഹരിയുടെ ദൂഷ്യഫലങ്ങളെ സംബന്ധിച്ച അവബോധം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിലൂടെ മാത്രമേ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാവുകയുള്ളൂ. ഇതിനായി പൊതുജനങ്ങളുടേയും, സന്നദ്ധ സംഘടനകളുടേയും, രാഷ്ട്രീയ-സാമൂഹിക സംഘടനകളുടേയും കൂട്ടായ ദീര്‍ഘകാല പ്രവര്‍ത്തനം ആവശ്യമാണ്. സമൂഹത്തിന്റെ എല്ലാ തലങ്ങളും സ്പര്‍ശിക്കുന്ന ദീര്‍ഘകാല പ്രചരണത്തിലൂടെ ഈ ലക്ഷ്യം സാക്ഷാത്കരിക്കാനാകുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡീ-അഡിക്ഷന്‍ സെന്ററുകള്‍ ആരംഭിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ 14 ജില്ലകളിലായി 14 സര്‍ക്കാര്‍ ആശുപത്രികളില്‍ വിമുക്തി ഡീ-അഡിക്ഷന്‍ സെന്ററുകള്‍ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കോഴിക്കോട് ജില്ലയിലെ കിനാലൂരില്‍ നിംഹാന്‍സ് മാതൃകയില്‍ അന്താരാഷ്ട്ര നിലവാരമുള്ള ഡീ-അഡിക്ഷന്‍ സെന്റര്‍ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിലെ കിനാലൂരില്‍ നിംഹാന്‍സ് മാതൃകയില്‍ അന്താരാഷ്ട്ര നിലവാരമുള്ള ഡീ-അഡിക്ഷന്‍ സെന്റര്‍ സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികള്‍ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ